പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2143 — 11.03.2020-ലെ മറുപടിയ്ക്ക്

## സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ടി.ബൽറാം**<br>**'' പി.ടി.തോമസ്** | | **ശ്രീ. ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | മികച്ച ദേശീയ അന്തർദേശീയ താരങ്ങളെ സംഭാവന ചെയ്യുന്നതും സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ളതുമായ സ്പോർട്സ് ഹോസ്റ്റലുകളിൽ മതിയായ എണ്ണം കുട്ടികളെ ലഭിക്കാത്തതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) & (ബി) | മികച്ച ദേശീയ അന്തർദേശീയ താരങ്ങളെ വാർത്തെടുക്കുന്നതിന് വേണ്ടി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ/കോളേജ് സ്പോർട്സ് അക്കാഡമികൾ, എലൈറ്റ് സ്കീം, ഓപ്പറേഷൻ ഒളിമ്പ്യ സ്കീം എന്നിവയിലേക്ക് വർഷം തോറും സെലക്ഷൻ നടത്തി കായിക താരങ്ങളെ കൗൺസിൽ തിരഞ്ഞെടുക്കുന്നുണ്ട്. ഈ വർഷം മേൽ സൂചിപ്പിച്ച എല്ലാ സ്കീമുകളിലേക്കുമായി 2689 കായികതാരങ്ങളെയാണ് കൗൺസിൽ തിരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നത്. നിലവിലെ സാഹചര്യത്തിൽ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ആവശ്യത്തിനുള്ള ഹോസ്റ്റലുകളും അതിൽ ഉൾക്കൊള്ളിക്കാവുന്ന പരമാവധി കായികതാരങ്ങളുമുണ്ട്. എന്നാൽ ചില സ്കൂൾ/കോളേജ് ഹോസ്റ്റലുകളിൽ പരിശീലകരുടെ അഭാവം നിലനിൽക്കുന്നതിനാൽ ഇത്തരം ഹോസ്റ്റലുകളിലേക്ക് കുട്ടികൾ അഡ്മിഷൻ എടുക്കാൻ താത്പര്യപ്പെടാറില്ല. പ്രസ്തുത പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സാധാരണക്കാരായ കുട്ടികളുടെ ആശ്രയമായ ഇത്തരം സ്ഥാപനങ്ങളിൽ മതിയായ എണ്ണം കുട്ടികളെ ലഭ്യമാക്കുന്നതിനും ഈ സ്പോർട്സ് ഹോസ്റ്റലുകളുടെ നിലനിൽപ്പ് ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ